**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **31-01-2024 - ൽ മറുപടിയ്ക്ക്**

**കനാൽ റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന കനാലുകളുടെ ഇരുവശങ്ങളിലെയും കൈവരികൾ, കൽകെട്ടുകൾ, പാലങ്ങൾ തുടങ്ങിയവ തകർന്നുകിടക്കുന്നതിനാൽ അവയുടെ അറ്റകുറ്റപണികൾ അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണമായും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ വാർഷിക പദ്ധതിയിൽ (നോൺ പ്ലാൻ) ഉൾപ്പെടുത്തി അനുവദിക്കുന്ന തുക വേനൽക്കാല ജലവിതരണത്തിന്റെ മുന്നോടിയായി കനാലുകളിലെ കാട് വെട്ടുന്നതിനും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനുമാണ് ഉപയോഗിക്കുന്നത്. ആയത് കനാൽ പൂർണ്ണമായി വൃത്തിയാക്കുന്നതിന് അപര്യാപ്തമാണ്. കനാലുകൾ, കനാൽ നിർമ്മിതികൾ എന്നിവയുടെ പൂർണ്ണമായ പുന:രുദ്ധാരണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 430.28 കോടി രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | തെൻമല, കരവാളൂർ, അഞ്ചൽ എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനാൽ റോഡുകളിൽ അടിയന്തര അറ്റകുറ്റപ്പണി നടത്തേണ്ട പ്രദേശങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; ജനസാന്ദ്രത ഉള്ളതും അടിയന്തര അറ്റകുറ്റപ്പണി നടത്തേണ്ടതുമായ പ്രദേശങ്ങൾ ഏതൊക്കെ എന്നു വിശദമാക്കാമോ? | (ബി) | കരവാളൂർ പഞ്ചായത്തിലൂടെ കെ.ഐ.പി വക കനാൽ റോഡ് 20.22 കി.മീറ്ററും അഞ്ചൽ പഞ്ചായത്തിൽ 1.78 കി.മീറ്ററുമാണുള്ളത്. അവിടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായുണ്ട്. വലതുകര കനാലിന്റെ ബണ്ട് റോഡിലും തകരാറുകൾ സംഭവിച്ചിട്ടുണ്ട്. ഒറ്റക്കൽ വിയർ മുതൽ സത്രം ജംഗ്ഷൻ വരെയും (ഏകദേശം 5 കി.മി.) ഇടമൺ മുതൽ കറവൂർ അക്വഡക്റ്റ് വരെയുള്ള (ഏകദേശം 8 കി.മി.) ബണ്ട് റോഡുകളും അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്. കരവാളൂർ, അഞ്ചൽ എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനാൽ റോഡുകൾ പുന:രുദ്ധാരണം നടത്തേണ്ടത് ആവശ്യമാണ്. അഞ്ചൽ പുനലൂർ റോഡിൽ കനാൽ ജംഗ്ഷനിൽ നിന്നും മണലിൽ ഭാഗത്തേക്ക് ഏകദേശം 3 കി.മീ. കനാൽ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ആവശ്യമായി വന്നിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ